## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2427

08 .05.2017-ൽ
മറുപടിയ്ക്ക്

## "സമക്ഷം" ജനസമ്പർക്ക പരിപാടി

| ചോദ്യം<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) ജില്ലാ തലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ കാസർകോട് ജില്ലയിൽ നടത്തിയ 'സമക്ഷം' ജനസമ്പർക്ക പരിപാടിയിൽ ലഭ്യമായ അപേക്ഷകൾ എത്രയാണ്;<br><br>(ബി) ഓരോ ഇനത്തിലും ലഭ്യമായ അപേക്ഷകളുടേയും തീർപ്പ് കൽപ്പിച്ച അപേക്ഷകളുടെയും എണ്ണം വ്യക്തമാക്കുമോ; | (എ) & (ബി) കാസർഗോഡ് ജില്ലാ കളക്ടർ 'സമക്ഷം' എന്ന പേരിൽ സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടിയിൽ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം, സ്ഥലം, വീട്, പട്ടയം എന്നിവ അനുവദിക്കൽ ബാങ്ക് വായ്പ എഴുതിത്തള്ളൽ തുടങ്ങിയ ആവശ്യങ്ങൾക്കായി ലഭിച്ച 5365 അപേക്ഷകളിൽ 2555 എണ്ണത്തിൽ തീർപ്പ് കല്പിച്ചിട്ടുണ്ട്. |
| (സി) തീർപ്പു കൽപ്പിക്കാൻ ബാക്കിയുള്ള അപേക്ഷകളിന്മേൽ കൈക്കൊണ്ട നടപടിയും ഇവ എന്നത്തേക്ക് തീർപ്പു കൽപ്പിക്കപ്പെടും എന്നും വ്യക്തമാക്കുമോ; | (സി) ജനസമ്പർക്ക പരിപാടി ദിവസം നേരിട്ട് ലഭിച്ച അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് ഓൺലൈനായി നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. അപേക്ഷകളിന്മേൽ അടിയന്തിരമായി തീർപ്പുണ്ടാക്കാൻ ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) 'സമക്ഷം' പരിപാടിയിൽ ചികിത്സാ ധനസഹായ ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ? | (ഡി) ചികിത്സാ ധനസഹായത്തിനായി നേരത്തേ സമർപ്പിക്കപ്പെട്ടിരുന്ന അപേക്ഷകളിൽ നടപടി പൂർത്തീകരിച്ച് വ്യത്യസ്ത സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്ന 13,97,000/- രൂപയുടെ ധനസഹായം പ്രസ്തുത പരിപാടിയിൽ വച്ച് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

BN